# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2362 12.02.2020-ൽ മറുപടിയ്ക്ക്

<u>കാരുണ്യ പദ്ധതി</u>

| | ചോദ്യം<br>ശ്രീ.മഞ്ഞളാംകുഴി അലി | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പമന്ത്രി) |
|---|---|---|---|
| (എ) | മുൻ സർക്കാരിന്റെ കാലത്ത് ആരംഭിച്ചതും പതിനായിരക്കണക്കിന് രോഗികൾക്ക് പ്രയോജനകരവുമായിരുന്ന കാരുണ്യ പദ്ധതി നിർത്തലാക്കിയിട്ടുണ്ടോ; | (എ) | കാരുണ്യ ബനവലൻറ് ഫണ്ട് പദ്ധതിയെ പുതിയ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയായ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ ലയിപ്പിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം ഒരു കുടുബത്തിന് പ്രതിവർഷം പരമാവധി 5 ലക്ഷം രൂപ വരെയുള്ള ആരോഗ്യ പരിരക്ഷ ഉറപ്പ വരുത്തുന്നു. ടി പദ്ധതി പ്രകാരം ഹീമോഫീലിയ ഒഴികെയുള്ള രോഗങ്ങൾക്ക് ചികിത്സാ സഹായം ലഭിക്കുന്നതാണ്. എങ്കിലും 03.07.2019 വരെ അപേക്ഷ നൽകിയ കാരുണ്യ ബനവലൻറ് ഫണ്ട് ഗുണഭോക്താക്കളായ, അർഹരായ എല്ലാ രോഗികൾക്കും 31.03.2020 വരെ കാരുണ്യ ബനവലൻറ് ഫണ്ട് പദ്ധതി പ്രകാരമുള്ള എല്ലാ ചികിത്സാ സഹായവും ലഭിക്കുന്നതാണ്. ഇക്കാര്യത്തിൽ 2020-21 ബജറ്റ് പ്രസംഗത്തിലെ പരാമർശത്തിനനുസരിച്ച് തുടർ നടപടികളും സ്വീകരിക്കുന്നതാണ്. |
| (ബി) | കാരുണ്യ പദ്ധതിയുടെ കീഴിൽ ഏതെങ്കിലും വിഭാഗം രോഗികൾക്ക് ലഭിച്ചുകൊണ്ടിരുന്ന എന്തെങ്കിലും ആനുകൂല്യം നിർത്തലാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | കാരുണ്യ ബനവലൻറ് ഫണ്ട് പദ്ധതിയിൽ 03.07.2019 വരെ അപേക്ഷ സമർപ്പിച്ചവരിൽ അർഹരായ രോഗികൾക്ക് 31.03.2020 വരെ മുൻപു ലഭിച്ചിരുന്നതുപോലെ തന്നെ ചികിത്സാ സഹായം നൽകുന്നതാണ്. |

| | | | |
|---|---|---|---|
| (സി) | കാരുണ്യ പദ്ധതിയുടെ കീഴിൽ ആനുകൂല്യം ലഭിച്ചു കൊണ്ടിരുന്ന ഏതെല്ലാം രോഗങ്ങൾക്കുള്ള ചികിത്സാ സഹായമാണ് പുതിയ ഇൻഷ്വറൻസ് പദ്ധതിയിൽ നിന്ന് ഒഴിവാക്കിയത്; ഇത്തരം രോഗികൾക്ക് ഉണ്ടായിട്ടുള്ള പ്രയാസങ്ങൾ പരിഹരിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | (സി) | സംസ്ഥാനത്ത് സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി പരിഷ്കരിച്ച് 2019 ഏപ്രിൽ 01 മുതൽ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി എന്ന പേരിൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം ഒരു കുടുംബത്തിന് പ്രതിവർഷം പരമാവധി 5 ലക്ഷം രൂപ വരെയുള്ള ആരോഗ്യ പരിരക്ഷ ഉറപ്പ് വരുത്തുന്നു. ടി പദ്ധതി പ്രകാരം ഹീമോഫീലിയ ഒഴികെയുള്ള മറ്റ് രോഗങ്ങൾക്ക് ചികിത്സ സഹായം ലഭിക്കുന്നു. |

സെക്ഷൻ ഓഫീസർ